പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 187

# 2024 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 187

# 2024 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

102/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 187

# 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2023 ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 189-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിന് ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 189-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "ക്ഷേമപരിപാടികൾ," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം, "മാലിന്യസംസ്കരണം," എന്ന വാക്കും ചിഹ്നവും ചേർക്കേണ്ടതാണ്.

3. XX-ാം അദ്ധ്യായത്തിന്റെ ശീർഷകത്തിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ XX-ാം അദ്ധ്യായത്തിന്റെ ശീർഷകത്തിൽ " പൊതുരക്ഷയും സൗകര്യവും ആരോഗ്യവും" എന്ന വാക്കുകൾക്ക് ശേഷം " മാലിന്യസംസ്കരണവും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. 219-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 219-ാം വകുപ്പിൽ,—

(i) മാർജിനൽ ശീർഷകത്തിന് പകരം താഴെ പറയുന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"ജനങ്ങൾ കൂടിച്ചേരുന്ന സ്ഥലങ്ങളുടെ മേൽ നിയന്ത്രണമുള്ള ആളുകളുടെ ഉത്തരവാദിത്വങ്ങൾ .—"

(ii) നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) യാതൊരാളും കുറഞ്ഞത് മൂന്ന് പ്രവൃത്തി ദിവസം മുമ്പെങ്കിലും ഗ്രാമ പഞ്ചായത്തിനെ അറിയിക്കാതെ, ലൈസൻസില്ലാത്ത ഏതെങ്കിലും സ്ഥലത്ത് നൂറിലധികം ആളുകളുടെ ഒരു പരിപാടിയോ ഒത്തുചേരലോ സംഘടിപ്പിക്കാൻ പാടില്ലാത്തതും, അത്തരം ആളോ അത്തരം പരിപാടിയുടെ സംഘാടകനോ ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് നൽകി ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയിട്ടുള്ള മാലിന്യം ശേഖരിക്കുന്നവർക്കോ ഏജൻസികൾക്കോ അത് കൈമാറേണ്ടതുമാണ്:

എന്നാൽ, അത്തരം ഫീസുകൾ മാലിന്യസംസ്കരണത്തിനുള്ള യഥാർത്ഥ ചെലവിനേക്കാൾ കുറഞ്ഞ നിരക്കാകാൻ പാടില്ലാത്തതും ആയത് ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുംപ്രകാരം മുൻകൂറായി അടയ്ക്കേണ്ടതുമാണ്.

വിശദീകരണം:—1. ഈ വകുപ്പിന്റെയും 189-ാം വകുപ്പിന്റെയും 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളുടേയും ആവശ്യത്തിലേക്കായി "മാലിന്യസംസ്കരണം" എന്നാൽ ഖരമാലിന്യം ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം അല്ലെങ്കിൽ കയ്യൊഴിയൽ എന്ന് അർത്ഥമാകുന്നതാണ്.

വിശദീകരണം:—2. ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലും (1986- ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും പ്രസ്തുത ആക്റ്റിലും ചട്ടങ്ങളിലും അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അതേ അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.".

5. 219 എ വകുപ്പിനുള്ള ഭേദഗതി .—പ്രധാന ആക്റ്റിലെ 219 എ വകുപ്പിലെ,—

(i) (2),(3),(4), എന്നീ ഉപവകുപ്പുകൾക്ക് പകരം താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(2) 219-ാം വകുപ്പിലും 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതും ഈ ആക്റ്റിൻ കീഴിലുള്ള ചട്ടങ്ങളിലും, 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലും (1986- ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിലുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുമായ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ

എല്ലാ കടമകളും ഉത്തരവാദിത്വങ്ങളും ചുമതലകളും, ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നതും, ഗ്രാമപഞ്ചായത്ത് അതിന്റെ കടമകളും ഉത്തരവാദിത്വങ്ങളും ചുമതലകളും സെക്രട്ടറി മുഖേന നിർവഹിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ കടമകളും ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവഹിക്കേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്വ മായിരിക്കുന്നതും, സെക്രട്ടറിക്ക്, ആയത് രേഖാമൂലമുള്ള ഉത്തരവ് മുഖേന മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, ശുചിത്വം, എഞ്ചിനീയറിംഗ് എന്നിവയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ, തെരുവുകളുടെയോ പ്രദേശങ്ങളുടെയോ ജോലിയുടെ സ്വഭാവത്തിന്റെയോ അടിസ്ഥാനത്തിൽ ഏൽപിച്ചു നൽകാവുന്നതും, അത്തരം കടമകൾ, ഉത്തരവാദിത്വങ്ങൾ, ചുമതലകൾ എന്നിവ അവരെക്കൊണ്ട് കൃത്യമായി നിർവ്വഹിപ്പിക്കേണ്ടതുമാണ്.

(4) ഓരോ തിരഞ്ഞെടുക്കപ്പെട്ട അംഗവും, താൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിന്റെ പ്രദേശത്തു നിന്നുള്ള ചപ്പുചവറുകളും മറ്റ് മാലിന്യങ്ങളും ശേഖരിച്ച് നീക്കംചെയ്യുന്ന പ്രവൃത്തി സൂക്ഷ്മതയോടെ നിരീക്ഷിക്കേണ്ടതും, ഇക്കാര്യത്തി ലുണ്ടായിട്ടുള്ള വീഴ്ചയോ ജാഗ്രതക്കുറവോ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, അപ്രകാരം ശ്രദ്ധയിൽപ്പെടുത്തിയാൽ സെക്രട്ടറി അടിയന്തിരമായി ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്.";

(ii) അപ്രകാരം പകരം ചേർക്കപ്പെട്ട ഉപവകുപ്പുകൾക്കുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) (3)-ാം ഉപവകുപ്പ് പ്രകാരം തന്നിൽ നിക്ഷിപ്തമായ ചുമതലയുടെ നിർവ്വഹണത്തിൽ സെക്രട്ടറി വീഴ്ചവരുത്തുകയും തന്മൂലം, ഏതെങ്കിലും പൊതുസ്ഥലത്ത് ചപ്പുചവറുകളും മാലിന്യങ്ങളും കുടിക്കിടന്ന് പരിസ്ഥിതി പ്രശ്നങ്ങളും മലിനീകരണവും ഉണ്ടാകുകയും ചെയ്യുന്നപക്ഷം, ഗ്രാമ പഞ്ചായത്തിനോ സർക്കാരിനോ സെക്രട്ടറിക്കെതിരെ, കർത്തവ്യ നിർവ്വഹണത്തിലുണ്ടായ വീഴ്ചയുടെ പേരിൽ ശിക്ഷണനടപടികൾ സ്വീകരിക്കാവുന്നതാണ്.

(6) സെക്രട്ടറി, (1)- ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഡിപ്പോകളും സ്ഥലങ്ങളും സംഭരണികളും കുപ്പത്തൊട്ടികളും വാഹനങ്ങളും പാത്രങ്ങളും പരിസ്ഥിതി പ്രശ്നങ്ങൾക്കും മലിനീകരണത്തിനും പൊതുജനാരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കാവുന്ന ശല്യകാരണങ്ങളായി ഭവിക്കുന്നത് തടയുന്നതിന്, മതിയായ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

(7) ഗ്രാമപഞ്ചായത്തിന്, നേരിട്ടോ അല്ലെങ്കിൽ ഏതെങ്കിലും ആൾ വഴിയോ ഏജൻസി വഴിയോ കരാർ അടിസ്ഥാനത്തിലോ അല്ലാതെയോ ഈ ആക്റ്റിലോ അതിൻ കീഴിലുള്ള ചട്ടങ്ങളിലോ അല്ലെങ്കിൽ 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലോ (1986- ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിലുള്ള ചട്ടങ്ങളിലോ ഉള്ള മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ മുഴുവനായോ ഭാഗികമായോ ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

(8) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പൊതു താൽപ്പര്യാർത്ഥം, അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റ് വസ്തുക്കളും രണ്ടോ അതിലധികമോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽനിന്നും നേരിട്ടോ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് കരാർ അടിസ്ഥാനത്തിലോ മറ്റുവിധത്തിലോ ക്രമീകരണങ്ങൾ ചെയ്യാവുന്നതും അല്ലെങ്കിൽ ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റ് വസ്തുക്കളും ശേഖരിക്കുകയും കൊണ്ടുപോകുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് ഗണ്യമായ ചെലവു വരുന്ന ഏതെങ്കിലും പദ്ധതി ഏറ്റെടുക്കുകയും ചെയ്യാവുന്നതാണ്.

(9) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, (8)- ാം ഉപവകുപ്പിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി സർക്കാരിന്, പ്രസ്തുത ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ളതുമായ ഏതെങ്കിലും ഭൂമി, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഒരു വിജ്ഞാപനം വഴി, ഏറ്റെടുക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.".

6. <u>219 എ വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 219 എ വകുപ്പിന് ശേഷം, താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്: —

"<u>219 എഎ. സർക്കാർ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കേണ്ടതാണെന്ന്.</u>— (1) ഈ ആക്റ്റിൻ കീഴിലുള്ളതോ അല്ലെങ്കിൽ 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലോ (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അല്ലെങ്കിൽ അതിനു കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ

ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ഉത്തരവാദിത്വമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ അജണ്ട പഞ്ചായത്തിന്റെ തൊട്ടടുത്ത യോഗത്തിൽ വയ്ക്കുന്നുവെന്ന് അദ്ധ്യക്ഷൻ ഉറപ്പാക്കേണ്ടതും അപ്രകാരമുള്ള അജണ്ടയിൽ ഗ്രാമപഞ്ചായത്ത് തീരുമാനമെടുക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ച് അത്തരം നിർദ്ദേശങ്ങൾക്കനുസൃതമായി, ഒരു മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് പരാജയപ്പെടുന്ന സന്ദർഭങ്ങളിൽ, അത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള അനുമതി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചതായോ നൽകിയതായോ കരുതപ്പെടേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള അംഗീകാരം നൽകിയതായി കരുതപ്പെടുന്നതുൾപ്പെടെയുള്ള അത്തരം തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സെക്രട്ടറി ഉടനടി നടപടികൾ കൈക്കൊള്ളേണ്ടതും അത്തരം തീരുമാനം നടപ്പിലാക്കുന്നതിൽ സെക്രട്ടറിക്കോ മറ്റേതെങ്കിലും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനോ പരാജയമോ വീഴ്ചയോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് കൃത്യവിലോപമായി കണക്കാക്കി സെക്രട്ടറിക്കെതിരെയോ അല്ലെങ്കിൽ അത്തരം ഉദ്യോഗസ്ഥനെതിരെയോ സർക്കാരിന് അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തുന്ന പക്ഷം, ഗ്രാമപഞ്ചായത്തിനെതിരെ സ്വീകരിക്കാവുന്ന മറ്റ് നടപടികൾക്കൊന്നും ഭംഗം വരാത്തവിധത്തിൽ, സർക്കാരിന് അത്തരം വീഴ്ചയ്ക്ക് ഗ്രാമ പഞ്ചായത്തിനു മേൽ പിഴ ചുമത്താവുന്നതാണ്:

എന്നാൽ, അപ്രകാരം പിഴ ചുമത്തുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്തിന് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്.

219 എബി. <u>മാലിന്യസംസ്കരണത്തിൽ സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ</u>.—(1) 219-ാം വകുപ്പിലെയും 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളിലെയും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു ആളിനെതിരെയും സെക്രട്ടറിക്ക് നിയമനടപടികൾ ആരംഭിക്കാവുന്നതും, എന്നാൽ ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലുള്ള ചട്ടങ്ങൾ പ്രകാരമോ രാജിയാക്കാവുന്ന കുറ്റകൃത്യങ്ങൾ രാജിയാക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ളതും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് 219-ാം വകുപ്പിലും 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളിലും അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമ പ്രകാരമുള്ളതുമായ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിനുള്ള എല്ലാ അധികാരങ്ങളും സെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ്.

(3) സെക്രട്ടറിക്ക്, അത്യാവശ്യഘട്ടങ്ങളിൽ, പ്രസിഡന്റിനെ അറിയിച്ച ശേഷം, മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട്, 219-ാം വകുപ്പിലോ 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ തന്നിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് ഫണ്ടിൽ നിന്ന് രണ്ട് ലക്ഷം രൂപയിൽ കവിയാത്ത തുക ചെലവ് ചെയ്യാവുന്നതാണ്.

219 എസി. വേർതിരിച്ച മാലിന്യം ഗ്രാമപഞ്ചായത്തിനോ അംഗീകൃത ഏജൻസിക്കോ കൈമാറുന്നതിനുള്ള ഉത്തരവാദിത്വം.—(1) സെക്രട്ടറി പൊതു നോട്ടീസിലൂടെ നിർദ്ദേശിച്ച പ്രകാരം, വേർതിരിച്ച മാലിന്യങ്ങൾ കൈമാറുന്നതിനോ നിർദ്ദിഷ്ട സ്ഥലത്ത് നിക്ഷേപിക്കുന്നതിനോ യൂസർ ഫീസ് ഗ്രാമപഞ്ചായത്തിനോ അംഗീകൃത ഏജൻസിക്കോ നൽകുന്നതിനും എല്ലാ വീടുകൾക്കും ഏതെങ്കിലും പരിസരങ്ങളുടെയും ഹോട്ടൽ, റസ്റ്റോറന്റ്, വ്യവസായം, ആശുപത്രി അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനം എന്നിവയുടെയും ഉടമസ്ഥർക്കും കൈവശക്കാർക്കും, ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു ആളിന്റെയും മേൽ, സെക്രട്ടറിക്ക് ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്.

219 എഡി. യൂസർ ഫീസുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ.—(1) ഓരോ ഗ്രാമപഞ്ചായത്തും മാലിന്യം വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം അതിന്റെ കയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്നതിന്റെ പൂർണ്ണമോ ഭാഗികമോ ആയ ചെലവ് വഹിക്കുന്നതിന് ഓരോ മാലിന്യ ഉൽപാദകനും നൽകേണ്ട യൂസർ ഫീസ് നിശ്ചയിക്കേണ്ടതും ആയത് നിശ്ചയിക്കുന്ന രീതിയിൽ ശേഖരിക്കേണ്ടതുമാണ്:

എന്നാൽ, യൂസർ ഫീസിന്റെ നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ളപക്ഷം, സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കാൻ പാടില്ലാത്തതാണ്.

(2) ഓരോ മാലിന്യ ഉൽപാദകനും യൂസർ ഫീസ് ഗ്രാമപഞ്ചായത്തിനോ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത ഏജൻസിക്കോ എല്ലാ മാസത്തിലെയും അവസാന തീയതിക്ക് മുമ്പായോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചേക്കാവുന്ന അത്തരം കാലയളവിനുള്ളിലോ നൽകേണ്ടതാണ്.

(3) ഏതെങ്കിലും മാലിന്യ ഉൽപാദകൻ (2)-ാം ഉപവകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള യൂസർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയാൽ, അത്, പ്രതിമാസം അമ്പത് ശതമാനം പിഴയോടു കൂടി ഈടാക്കേണ്ടതാണ്:

എന്നാൽ, നിശ്ചിത തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുശേഷവും യൂസർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ മാത്രമേ അത്തരം പിഴ ഈടാക്കുവാൻ പാടുള്ളൂ.

(4) യൂസർ ഫീസും പിഴയും 210-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന വിധം പൊതുനികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കാവുന്നതാണ്.

(5) യൂസർ ഫീസ് അടയ്ക്കാൻ വീഴ്ചവരുത്തുന്ന ആളിനെതിരെ സ്വീകരിക്കാവുന്ന മറ്റേതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, യൂസർ ഫീസ് അടയ്ക്കുന്നതുവരെ അത്തരത്തിൽ വീഴ്ച വരുത്തിയ ആളിന് ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ഏതൊരു സേവനവും നൽകാൻ സെക്രട്ടറിക്ക് വിസമ്മതിക്കാവുന്നതാണ്.

(6) സർക്കാരിനോ അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി, ഗ്രാമ പഞ്ചായത്തിനോ ഏതെങ്കിലും മാലിന്യ ഉൽപാദകനെ അല്ലെങ്കിൽ മാലിന്യ ഉൽപാദകരുടെ ഗണത്തെ, അല്ലെങ്കിൽ ആളൊഴിഞ്ഞതോ ഒഴിഞ്ഞു കിടക്കുന്നതോ ആയ കെട്ടിടങ്ങളുടെ ഉടമകളെ അല്ലെങ്കിൽ കൈവശക്കാരെ യൂസർ ഫീസ് അടയ്ക്കുന്നതിൽ നിന്നും പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണ്." .

7. <u>219 ബി വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ</u>.—പ്രധാന ആക്റ്റിലെ 219 ബി വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്: —

"219 ബി. <u>ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നിക്ഷേപിക്കുന്നതിനും മാലിന്യ ഉത്പാദകർക്കുള്ള ചുമതലകൾ</u>.—(1) ജൈവ മാലിന്യങ്ങളും അജൈവമാലിന്യങ്ങളും അപകടകരമായ ഗാർഹിക മാലിന്യങ്ങളും സംഭരിക്കുന്നതിനായി ചട്ടങ്ങളിലോ ബൈലോകളിലോ നിർണ്ണയിച്ചിട്ടുള്ള പ്രകാരമോ അല്ലെങ്കിൽ സെക്രട്ടറി നിഷ്കർഷിച്ചിരിക്കുന്നതുപോലെയുള്ളതോ ആയ വലിപ്പത്തിലും നിറത്തിലുമുള്ള പ്രത്യേക ബിന്നുകളോ സംഭരണികളോ സജ്ജീകരിക്കേണ്ടത് ഓരോ മാലിന്യ ഉൽപാദകന്റെയും കടമയാണ്.

(2) അങ്ങനെയുള്ള ബിന്നുകൾ അല്ലെങ്കിൽ സംഭരണികൾ എല്ലാ സമയത്തും ശരിയായ നിലയിൽ സൂക്ഷിക്കേണ്ടതും, സെക്രട്ടറി അതത് സമയം പൊതുനോട്ടീസിനാൽ നിർദ്ദേശിക്കുന്നത്രയും എണ്ണം അങ്ങനെയുള്ള സ്ഥലത്ത് സജ്ജീകരിക്കേണ്ടതുമാണ്.

(3) ഗ്രാമ പഞ്ചായത്ത് നിയോഗിച്ചിട്ടുള്ള ജീവനക്കാർക്കോ കരാറുകാർക്കോ അത്തരം മാലിന്യങ്ങൾ എളുപ്പത്തിൽ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമായി ഓരോ മാലിന്യ ഉൽപാദകനും ചട്ടങ്ങളിലോ ബൈലോകളിലോ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു ആളുടെയും മേൽ, സെക്രട്ടറിക്ക് ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്." .

8. <u>219 സി. വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 219 സി വകുപ്പിൽ,—

(i) മാർജിനൽ ശീർഷകത്തിനു പകരം താഴെപ്പറയുന്ന മാർജിനൽശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"മാലിന്യങ്ങൾ നീക്കുന്നതിന് മാലിന്യ ഉൽപാദകനുമായോ അല്ലെങ്കിൽ ഏതെങ്കിലും പരിസരങ്ങളുടെ ഉടമസ്ഥനുമായോ താമസക്കാരനുമായോ ഉള്ള കരാർ";

(ii) നിലവിലുള്ള വ്യവസ്ഥയിലെ, "ഏതെങ്കിലും പരിസരങ്ങളുടെ ഉടമസ്ഥനുമായോ താമസക്കാരനുമായോ" എന്ന വാക്കുകൾക്ക് പകരം "മാലിന്യ ഉത്പാദകനുമായോ അല്ലെങ്കിൽ ഏതെങ്കിലും പരിസരങ്ങളുടെ ഉടമസ്ഥനുമായോ താമസക്കാരനുമായോ" എന്ന വാക്കുകളും "ചവറോ മാലിന്യമോ നീക്കം ചെയ്യുന്നതിന്" എന്ന വാക്കുകൾക്ക് പകരം "മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

9. <u>219 ഡി വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ</u>.—പ്രധാന ആക്റ്റിലെ 219 ഡി വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"219 ഡി. <u>വാതിൽപ്പടി മാലിന്യ ശേഖരണം</u>.—(1) ഓരോ ഗ്രാമപഞ്ചായത്തും ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ വീടുകളിൽ നിന്നും ജനവാസ കേന്ദ്രങ്ങളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും മറ്റ് വാസേതര പരിസരങ്ങളിൽ നിന്നും ബഹുനില കെട്ടിടങ്ങൾ, വലിയ വാണിജ്യസമുച്ചയങ്ങൾ, മാളുകൾ, പാർപ്പിട സമുച്ചയങ്ങൾ മുതലായവയുടെ കാര്യത്തിൽ പ്രവേശന കവാടത്തിൽ നിന്നോ സെക്രട്ടറി പൊതു

നോട്ടീസിനാൽ നിഷ്കർഷിച്ചിട്ടുള്ള മറ്റേതെങ്കിലും സ്ഥലങ്ങളിൽ നിന്നോ വേർതിരിച്ച മാലിന്യങ്ങൾ വാതിൽപ്പടി ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പാടാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ശേഖരിച്ച തരംതിരിച്ചിട്ടുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ മൂടിവയ്ക്കാതെ സംസ്കരണത്തിനോ നിർമ്മാർജ്ജനത്തിനോവേണ്ടി കൊണ്ടുപോകുകയോ എത്തിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്." .

10. 219 എഫ് വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 219 എഫ് വകുപ്പിൽ, —

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഖര, ദ്രവ, മലിനജല അല്ലെങ്കിൽ ഫീക്കൽ സ്ലെഡ്ജ് സംസ്കരണ പ്ലാന്റ് ഇല്ലാത്തതും ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്തോ പുറത്തോ ഒഴിഞ്ഞുകിടക്കുന്ന ഭൂമി കൈവശമുള്ളതുമായ ഗ്രാമപഞ്ചായത്ത്, അത്തരം പ്ലാന്റുകളോ സൗകര്യങ്ങളോ പ്രസ്തുത ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ മുൻഗണന നൽകി ഏറ്റെടുക്കേണ്ടതാണ്." ;

(ii) അപ്രകാരം പകരം ചേർക്കപ്പെട്ട (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1 എ) ഓരോ ഗ്രാമപഞ്ചായത്തും മാലിന്യ സംസ്കരണത്തിനു വേണ്ടി ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്തോ പുറത്തോ അനുയോജ്യമായ സ്വകാര്യഭൂമി കണ്ടെത്തേണ്ടതും ആവശ്യമെങ്കിൽ 2013-ലെ ദ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പേരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്റ്റ് (2013-ലെ 30-ാം കേന്ദ്ര ആക്റ്റ്) പ്രകാരമോ, ഭൂമി വിട്ടുനൽകൽ പ്രകാരമോ പാട്ടത്തിനോ സ്വകാര്യവാങ്ങൽ മുഖേനയോ വസ്തു ആർജ്ജിക്കേണ്ടതാണ്.

(1 ബി) (1 എ) ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്ത് ആർജ്ജിക്കുന്ന ഭൂമി സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടുള്ളതല്ല.

(1 സി) മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായി ഒഴിഞ്ഞു കിടക്കുന്ന സ്വന്തം ഭൂമിയോ തങ്ങളിൽ നിക്ഷിപ്തമായ ഭൂമിയോ ലഭ്യമാണെങ്കിൽ ആയത് വിനിയോഗിക്കുന്നതിന് ഓരോ ഗ്രാമ പഞ്ചായത്തും മുൻഗണന നൽകേണ്ടതാണ്.

(1 ഡി) മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായി മുൻപ് ഉപയോഗിച്ചിരുന്നതും എന്നാൽ ഇപ്പോൾ വിവിധ കാരണങ്ങളാൽ ഉപയോഗിക്കാതിരിക്കുന്നതുമായ ഭൂമിയിൽ, മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്:

എന്നാൽ, സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ പ്രസ്തുത ഭൂമി മറ്റൊരാവശ്യത്തിനും വേണ്ടി മാറ്റിവയ്ക്കുകയോ ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്." ;

(iii) (2)-ാം ഉപവകുപ്പിൽ "(1)-ാം ഉപവകുപ്പ് പ്രകാരം സ്ഥലം വിജ്ഞാപനം ചെയ്യുമ്പോൾ" എന്ന വാക്കുകൾക്കും അക്കത്തിനും ചിഹ്നത്തിനും ബ്രാക്കറ്റിനും പകരം "(1 എ) ഉപവകുപ്പ് പ്രകാരം ഭൂമി കണ്ടെത്തുമ്പോൾ" എന്ന വാക്കുകളും അക്കവും അക്ഷരവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

11. <u>219 എഫ് വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 219 എഫ് വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"219 എഫ്എ. <u>സംയുക്ത മാലിന്യസംസ്കരണ പദ്ധതികൾ സ്ഥാപിക്കൽ.</u>— ഗ്രാമ പഞ്ചായത്തിന്, അത് അപ്രകാരം തീരുമാനിക്കുകയോ അല്ലെങ്കിൽ സർക്കാർ അപ്രകാരം ആവശ്യപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന്, അത്തരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അംഗീകരിച്ച പ്രകാരമുള്ള നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ഇതിലേയ്ക്കായി സർക്കാർ പുറപ്പെടുവിച്ചേക്കാവുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സംയുക്ത മാലിന്യ സംസ്കരണ പദ്ധതികൾ സ്ഥാപിക്കാവുന്നതാണ്.

219 എഫ്ബി. <u>ഗ്രാമപഞ്ചായത്ത് പതിവായി പരിശോധനയും നിരീക്ഷണവും ഏർപ്പെടുത്തേണ്ടതാണെന്ന്.</u>—ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളും പദ്ധതികളും ആവശ്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും, നിലവിലുള്ള നിയമങ്ങൾക്കനുസൃതമായിട്ടുമാണ് പ്രവർത്തിക്കുന്നതെന്നും നടപ്പിലാക്കുന്നതെന്നും ഉറപ്പ് വരുത്തുന്നതിലേക്കായി ക്രമമായ പരിശോധനയും നിരീക്ഷണവും നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്.

219 എഫ് സി. <u>വ്യക്തികളുടെ ഉത്തരവാദിത്വങ്ങളും കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പാരിതോഷികങ്ങളും.</u>—(1) 219-ാം വകുപ്പിലെയും 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളിലെയും വ്യവസ്ഥകളുടെ ഏതെങ്കിലും ലംഘനമോ അല്ലെങ്കിൽ പൊതു

സ്ഥലങ്ങളിലേക്കും ജലാശയങ്ങളിലേക്കും മാലിന്യം വലിച്ചെറിയുക, തള്ളുക അല്ലെങ്കിൽ നിക്ഷേപിക്കുക എന്നിവ ഉൾപ്പെടെയുള്ള മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഏതെങ്കിലും കുറ്റകൃത്യമോ സംബന്ധിച്ച വിവരങ്ങൾ ഏതൊരാൾക്കും സെക്രട്ടറി മുൻപാകെ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

(2) ഗ്രാമപഞ്ചായത്തിന്, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം ലംഘനങ്ങളും കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്യുന്ന ആളുകൾക്ക് പാരിതോഷികം നൽകാവുന്നതാണ്.

(3) മറ്റൊരാൾക്ക് ദ്രോഹമോ നഷ്ടമോ ഉണ്ടാക്കുന്ന തരത്തിൽ ദുരുദ്ദേശ്യത്തോടെയോ മനഃപൂർവമോ (1)-ാം ഉപവകുപ്പ് പ്രകാരം തെറ്റായ ഒരു റിപ്പോർട്ട് നൽകുന്ന ഏതൊരാളും, കുറ്റ സ്ഥാപനത്തിൻമേൽ, പതിനായിരം രൂപ വരെ ആകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

219 എഫ്ഡി. <u>മാലിന്യസംസ്കരണ കേന്ദ്രങ്ങൾക്ക് സമീപമുള്ള താമസക്കാർക്ക് പ്രയോജനകരമായ വ്യവസ്ഥകൾ</u>.—(1) ഗ്രാമപഞ്ചായത്തിന്, സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കോ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കോ വിധേയമായി, കേന്ദ്രീകൃത മാലിന്യസംസ്കരണ കേന്ദ്രങ്ങൾ അല്ലെങ്കിൽ നിർമ്മാർജ്ജന സ്ഥലങ്ങൾ എന്നിവയുടെ തൊട്ടടുത്ത് താമസിക്കുന്നവർക്ക് നികുതി ഒഴിവാക്കലോ ഇളവുകളോ ക്ഷേമ പദ്ധതികളോ ഉൾപ്പെടെയുള്ളതും ഇതിൽ മാത്രം പരിമിതപ്പെടുത്താതെയുള്ള മറ്റ് പ്രോത്സാഹനങ്ങളും നൽകാവുന്നതാണ്.

(2) ഗ്രാമപഞ്ചായത്തിന് കേന്ദ്രീകൃത മാലിന്യസംസ്കരണ കേന്ദ്രങ്ങൾ അല്ലെങ്കിൽ നിർമ്മാർജ്ജന സ്ഥലങ്ങൾ എന്നിവയുടെ തൊട്ടടുത്ത് താമസിക്കുന്നവരുടെ ക്ഷേമത്തിനും വിനോദത്തിനും വേണ്ടി പാർക്കുകൾ, കളിസ്ഥലങ്ങൾ, റീസൈക്ലിംഗ് സൗകര്യങ്ങൾ, സ്വാപ്പ് ഷോപ്പുകൾ, ഫിസിക്കൽ ട്രെയിനിംഗ് സൗകര്യങ്ങൾ തുടങ്ങിയ ഉപയോഗപ്രദവും പ്രയോജനകരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.” .

12. 219 ഐ <u>വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ</u>.— പ്രധാന ആക്റ്റിലെ 219 ഐ വകുപ്പിന് പകരം, താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“219 ഐ. <u>കടകളുടെയും വാണിജ്യസ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം</u>.—(1) ഓരോ കടയുടെയും വാണിജ്യ സ്ഥാപനത്തിന്റെയും പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതും അതിന്റെ പരിസരത്ത് മാലിന്യം വലിച്ചെറിയുകയോ തള്ളുകയോ കത്തിക്കുകയോ ചെയ്യാതിരിക്കുകയും അല്ലെങ്കിൽ

അതിന്റെ പരിസരത്ത് ഏതെങ്കിലും മാലിന്യം വലിച്ചെറിയാനോ മാലിന്യം തള്ളാനോ അല്ലെങ്കിൽ കത്തിക്കാനോ ഉപഭോക്താക്കളെ അനുവദിക്കാതിരിക്കുകയും ചെയ്യേണ്ടത് ഉടമയുടെയോ കൈവശക്കാരന്റെയോ ഉത്തരവാദിത്വമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഏതെങ്കിലും ആൾ ലംഘിച്ചുവെന്ന് ബോധ്യപ്പെട്ടാൽ, പ്രസ്തുത ലംഘനത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് സെക്രട്ടറിക്കോ സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അത്തരം ആളുടെ മേൽ അയ്യായിരം രൂപവരെയാകാവുന്ന പിഴ ചുമത്താവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ചുമത്തിയ പിഴ, പ്രസ്തുത പിഴ ചുമത്തിയ തീയതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതും അപ്രകാരം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, സെക്രട്ടറി, അയാൾക്കെതിരെ എടുക്കാവുന്ന മറ്റ് നടപടികൾക്ക് ഭംഗം വരാത്ത വിധത്തിൽ, പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കേണ്ടതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, 'കടകൾ', 'വാണിജ്യ സ്ഥാപനം' എന്നീ വാക്കുകൾക്ക് യഥാക്രമം 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിൽ (1960-ലെ 34) അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.".

13. 219 കെ വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 219 കെ വകുപ്പിന് പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"219 കെ. ഉപയോഗിച്ച വെള്ളം പൊതു സ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കുന്നത് തടയൽ.—(1) യാതൊരാളും ഏതെങ്കിലും സിങ്ക്, ചാൽ, തൊഴുത്ത്, ഹോട്ടൽ, റസ്റ്റോറന്റ്, വീട്, വ്യവസായ സ്ഥാപനം, ആശുപത്രി അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മലിനജലം, പൊതു അഴുക്കുചാലുകൾ, റോഡ്, തെരുവ്, പൊതുസ്ഥലം, ജലാശയം അല്ലെങ്കിൽ ജലമാർഗ്ഗം എന്നിവിടങ്ങളിലേക്ക് ഒഴുക്കുകയോ ഒഴുക്കുവാൻ അനുവദിക്കുകയോ അല്ലെങ്കിൽ അത്തരം പരിസരങ്ങളിൽ നിന്ന് അത്തരം ഉപയോഗിച്ച വെള്ളം ഒഴുക്കുവാൻ അനുവദിക്കുകയോ അല്ലെങ്കിൽ അതിന് കാരണമാകുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളിന്റെയും മേൽ സെക്രട്ടറിക്ക് അയ്യായിരം രൂപയിൽ കുറയാത്തതും എന്നാൽ അമ്പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്.

(3) സെക്രട്ടറിക്ക്, ഏതെങ്കിലും പൊതു റോഡിലേക്കോ ഓടയിലേക്കോ തെരുവിലേക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും പൊതുസ്ഥലത്തേക്കോ അല്ലെങ്കിൽ ജലാശയങ്ങളിലേക്കോ മലിനജലം ഒഴുകാൻ അനുവദിക്കുന്ന ഏതെങ്കിലും പൈപ്പോ ട്യൂബോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗമോ അടയ്ക്കുവാനോ മൂടുവാനോ അല്ലെങ്കിൽ നീക്കം ചെയ്യുവാനോ നോട്ടീസ് മുഖേന അത്തരം പരിസരത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ നിർദേശിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള നിർദ്ദേശം ലഭിച്ച ഏതൊരാളും നിർദ്ദേശം ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ അത്തരം നിർദ്ദേശങ്ങൾ പാലിക്കേണ്ടതും അത്തരം നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അയാൾ വീഴ്ചവരുത്തിയാൽ, സെക്രട്ടറി, (2)-ാം ഉപവകുപ്പ് പ്രകാരം സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, അത്തരം പൈപ്പ്, ട്യൂബ് അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ അടയ്ക്കുകയോ മൂടുകയോ അല്ലെങ്കിൽ നീക്കം ചെയ്യുകയോ ചെയ്യേണ്ടതും ഇതിന് വേണ്ടി വരുന്ന യഥാർത്ഥ ചെലവ് അയാളിൽ നിന്നും ഈടാക്കേണ്ടതുമാണ്.".

14. <u>219 എൻ വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ</u>.—പ്രധാന ആക്റ്റിലെ 219 എൻ വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"219 എൻ. <u>പൊതുസ്ഥലങ്ങളിലേക്കോ സ്വകാര്യ സ്ഥലങ്ങളിലേക്കോ മാലിന്യം വലിച്ചെറിയുന്നതിനുള്ള നിരോധനം</u>.—(1) മാലിന്യം ഇടുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിലൊഴികെ തെരുവിലോ ഓടയിലോ പൊതുസ്ഥലത്തോ യാതൊരാളും ഏതെങ്കിലും മാലിന്യം വലിച്ചെറിയുകയോ വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയോ തള്ളുകയോ കത്തിക്കുകയോ കുഴിച്ച് മൂടുകയോ അല്ലെങ്കിൽ അത്തരം പ്രവർത്തികൾ ചെയ്യുന്നതിന് കാരണമാവുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) നിർണ്ണയിക്കപ്പെട്ട പ്രകാരമോ അല്ലെങ്കിൽ സെക്രട്ടറി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ചോ അല്ലാതെ യാതൊരാളും ഏതെങ്കിലും സ്വകാര്യ സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുകയോ വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയോ തള്ളുകയോ കത്തിക്കുകയോ കുഴിച്ച് മൂടുകയോ അല്ലെങ്കിൽ അത്തരം പ്രവർത്തി ചെയ്യുന്നതിന് കാരണമാവുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(3) (1)-ാം ഉപവകുപ്പിലെയോ (2)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ഏതെങ്കിലും ആൾ ലംഘിച്ചുവെന്ന് ബോധ്യപ്പെട്ടാൽ, പ്രസ്തുത ലംഘനത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് സെക്രട്ടറിക്കോ സെക്രട്ടറി ഈ

ആവശ്യത്തിലേക്കായി പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അത്തരം ആളുടെ മേൽ തൽസമയം അയ്യായിരം രൂപവരെയാകാവുന്ന പിഴ ചുമത്താവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം ചുമത്തപ്പെട്ട പിഴ അത് ചുമത്തിയ തീയതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതും അപ്രകാരം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, സെക്രട്ടറി, അയാൾക്കെതിരെ എടുക്കാവുന്ന ഏതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കേണ്ടതുമാണ്.".

15. 219 എസ് വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 219 എസ് വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

219 എസ്. മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനുള്ള നിരോധനം.—(1) യാതൊരാളും പൊതു ജലമാർഗ്ഗത്തിലോ ജലാശയത്തിലോ ജലസ്രോതസ്സിലോ മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ വലിച്ചെറിയുകയോ തള്ളുകയോ അതിലേക്ക് മലിനജലം ഒഴുക്കുകയോ ഏതെങ്കിലും കക്കൂസിൽ നിന്ന് അതിലേക്ക് വെള്ളം ഒഴുകാൻ അനുവദിക്കുകയോ അല്ലെങ്കിൽ മലിനജലം അതിലേക്ക് ഒഴുകാൻ അനുവദിക്കുകയോ മറ്റേതെങ്കിലും വിധത്തിൽ ജലം മലിനമാക്കുകയോ അല്ലെങ്കിൽ അത്തരം ഒരു പ്രവൃത്തി ചെയ്യുന്നതിന് ആരെയെങ്കിലും നിയമിക്കുകയോ നിയോഗിക്കുകയോ നിർബന്ധിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും അൻപതിനായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്." .

16. 219 റ്റി. വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 219 റ്റി വകുപ്പിൽ, "219 എസ് വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ," എന്ന വാക്കുകൾക്കും അക്കങ്ങൾക്കും അക്ഷരത്തിനും ചിഹ്നത്തിനും പകരം "219-ാം വകുപ്പിലും 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളിലും ശിക്ഷയൊന്നും നൽകിയിട്ടില്ലായെങ്കിൽ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരങ്ങളും ചിഹ്നവും ചേർക്കേണ്ടതാണ്.

17. 219 യു വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 219 യു വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"219 യു. മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കലും കണ്ടുകെട്ടലും.—(1) 219-ാം വകുപ്പിന്റെയും 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളുടെയും കീഴിലുള്ള ഒരു കുറ്റകൃത്യം ചെയ്യുന്നതിനുള്ള ഉദ്ദേശ്യത്തോടെയോ ഒരുക്കത്തോടെയോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തികൊണ്ടുപോകുന്നതോ അഥവാ അപ്രകാരം നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചതിനുശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള ഒരു വാഹനത്തെ അല്ലെങ്കിൽ യാനപാത്രത്തെ, സെക്രട്ടറിയോ ഈ ആവശ്യത്തിലേക്കായി സെക്രട്ടറി അധികാരപ്പെടുത്തിയ ഗ്രാമ പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കേണ്ടതും, അധികാരിതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കേണ്ടതുമാണ്.

(2) അന്വേഷണത്തിന് ശേഷം, 219-ാം വകുപ്പിന്റെയും 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളുടെയും കീഴിലുള്ള ഏതെങ്കിലും കുറ്റകൃത്യങ്ങൾ ചെയ്യാൻ വാഹനം അല്ലെങ്കിൽ യാനപാത്രം ഉപയോഗിച്ചിട്ടുണ്ടെന്ന് വിശ്വസിക്കാൻ ന്യായമായ കാരണമുണ്ടെന്ന് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് ബോധ്യപ്പെട്ടാൽ, അങ്ങനെ പിടിച്ചെടുത്ത വാഹനം അല്ലെങ്കിൽ യാനപാത്രം കണ്ടുകെട്ടാവുന്നതും, അല്ലാത്ത പക്ഷം, ആയത് വിട്ടുനൽകേണ്ടതുമാണ്.

(3) വാഹനത്തിന്റെയോ യാനപാത്രത്തിന്റെയോ ഉടമയ്ക്കോ അല്ലെങ്കിൽ ആരിൽ നിന്നാണോ അത് പിടിച്ചെടുത്തത് അവർക്ക്,—

(i) വാഹനമോ യാനപാത്രമോ കണ്ടുകെട്ടാൻ കാരണമായ സംഗതികളെക്കുറിച്ച് അയാളെ രേഖാമൂലം അറിയിച്ചുകൊണ്ട് ഒരു നോട്ടീസ് നൽകാതെയും; കൂടാതെ

(ii) കണ്ടുകെട്ടാനുള്ള കാരണത്തിനെതിരെ, നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള ന്യായമായ സമയത്തിനുള്ളിൽ, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകാതെയും

ഈ വകുപ്പ് പ്രകാരം ഏതെങ്കിലും വാഹനമോ യാനപാത്രമോ കണ്ടുകെട്ടാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ്.

(4) പിടിച്ചെടുത്ത വാഹനത്തിലോ യാനപാത്രത്തിലോ മാലിന്യമോ ചവറോ അല്ലെങ്കിൽ വിസർജ്ജ്യമോ ഉള്ള സന്ദർഭങ്ങളിൽ, വാഹനമോ യാനപാത്രമോ പിടിച്ചെടുക്കുന്ന ആൾ, അദ്ദേഹം സെക്രട്ടറിയല്ലെങ്കിൽ, അത്തരം പിടിച്ചെടുക്കൽ ഉടൻ സെക്രട്ടറിയെ അറിയിക്കേണ്ടതും, 219-ാം വകുപ്പിന്റെയും 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളുടെയും കീഴിൽ എടുക്കാവുന്ന ഏതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, വാഹനത്തിന്റെയോ യാനപാത്രത്തിന്റെയോ ഉടമയുടെ ചെലവിൽ മാലിന്യം, ചവർ അല്ലെങ്കിൽ വിസർജ്ജ്യങ്ങൾ സെക്രട്ടറി നീക്കം ചെയ്യേണ്ടതും ഇങ്ങനെ നീക്കം ചെയ്യുന്നതിനുള്ള ചെലവും അയ്യായിരം രൂപയിൽ കവിയാത്ത പിഴയും സെക്രട്ടറി ഉടമയിൽനിന്നും ഈടാക്കേണ്ടതുമാണ്.

(5) വാഹനമോ യാനപാത്രമോ കണ്ടു കെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യേണ്ടതും അങ്ങനെ ലഭിക്കുന്ന തുക മാലിന്യസംസ്കരണ ഫണ്ടിലേക്ക് വരവ് വയ്ക്കേണ്ടതുമാണ്.".

18. <u>219 എക്സ് വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ</u>.—പ്രധാന ആക്ടിലെ 219 എക്സ് വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"219 എക്സ്. <u>മാലിന്യസംസ്കരണ ഫണ്ടിന്റെ രൂപീകരണം</u>.—(1) ഓരോ ഗ്രാമപഞ്ചായത്തും "മാലിന്യ സംസ്കരണ ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതും, അത് സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കോ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കോ അനുസൃതമായി കൈകാര്യം ചെയ്യേണ്ടതുമാണ്.

(2) മാലിന്യ സംസ്കരണ ഫണ്ടിലേക്ക് താഴെപ്പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്:—

(എ) മാലിന്യസംസ്കരണ ലംഘനങ്ങളുമായി ബന്ധപ്പെട്ട് പിഴയായോ പെനാൽറ്റിയായോ ഈടാക്കിയ തുകകൾ;

(ബി) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി എസ് ആർ) ഫണ്ടിൽ നിന്നും ലഭിച്ച സംഭാവനകൾ;

(സി) ഈ ആവശ്യത്തിലേക്കായി ലഭിച്ച സ്പോൺസർഷിപ്പ് തുകകളോ മറ്റേതെങ്കിലും സംഭാവനകളോ;

(ഡി) സർക്കാർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും തുകകൾ.

(3) ഫണ്ട് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ,—

(എ) മാലിന്യങ്ങളുടെ വേർതിരിക്കൽ, ശേഖരണം, ഗതാഗതം, പരിപാലനം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവ ഉൾപ്പെടെയുള്ള, എന്നാൽ ഇതിൽ മാത്രം പരിമിതപ്പെടുത്താതെ, എല്ലാ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കും;

(ബി) കാര്യക്ഷമമായ മാലിന്യസംസ്കരണത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും;

(സി) മാലിന്യസംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശീലനത്തിനും കാര്യശേഷി വികസന പരിപാടികൾക്കും;

(ഡി) സർക്കാർ അംഗീകരിച്ച മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും പ്രവർത്തനങ്ങൾക്കും

ഉപയോഗിക്കേണ്ടതാണ്.''.

19. <u>219 എക്സ് വകുപ്പിന് ശേഷം പുതിയ വകുപ്പ് ചേർക്കൽ</u>.—പ്രധാന ആക്റ്റിലെ 219 എക്സ് വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്: —

"219 വൈ. <u>പിഴ ചുമത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ</u>.—(1) 219 ഐ, 219 എൻ എന്നീ വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള ശിക്ഷകൾ ഒഴികെ 219-ാം വകുപ്പിന്റെയും 219 എ മുതൽ 219 എക്സ് വരെയുള്ള വകുപ്പുകളുടെയും കീഴിലെ യാതൊരു പിഴയും,—

(i) അത് ചുമത്താൻ കാരണമായ സംഗതികളെക്കുറിച്ച് അയാളെ രേഖാമൂലം അറിയിച്ചുകൊണ്ട് ഒരു നോട്ടീസ് നൽകാതെയും; കൂടാതെ

(ii) അത് ചുമത്താനുള്ള കാരണത്തിനെതിരെ, നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള ന്യായമായ സമയത്തിനുള്ളിൽ, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെയും

സെക്രട്ടറി ചുമത്താൻ പാടില്ലാത്തതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പിഴ നിശ്ചയിക്കുന്ന സംഗതികളിൽ സെക്രട്ടറി അതിൽ ഉൾപ്പെട്ടിരിക്കുന്ന മാലിന്യത്തിന്റെ വലിപ്പം അല്ലെങ്കിൽ അളവ്, വീട്, ഹോട്ടൽ, വ്യവസായം, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ തരം, വലിപ്പം, സ്ഥാനം കൂടാതെ, സർക്കാർ

ഇതിലേക്കായി ഉണ്ടാക്കുന്നതോ പുറപ്പെടുവിക്കുന്നതോ ആയ ഏതെങ്കിലും ചട്ടങ്ങൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

(3) 219-ാം വകുപ്പിന്റെയും 219 എ മുതൽ 219 ഡബ്ള്യൂ വരെയുള്ള വകുപ്പുകളുടെയും കീഴിൽ ചുമത്തുന്ന ഏതൊരു പിഴയും 210-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രകാരം പൊതുനികുതി കുടിശ്ശികയെന്നപോലെ ഈടാക്കേണ്ടതാണ്.".

20. <u>254-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 254-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൽ (xxi)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്.—

"(xxi എ) 219-ാം വകുപ്പിലും 219 എ മുതൽ 219 വൈ വരെയുള്ള വകുപ്പുകളിലും വ്യക്തമാക്കിയിട്ടുള്ള മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ;

(xxi ബി) 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിനും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി നിർമ്മാണ-പൊളിക്കൽ മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ, ശുചിത്വ മാലിന്യങ്ങൾ, അപകടകരമായ ഗാർഹിക മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, ദ്രവമാലിന്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ.".

21. <u>255-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 255-ാം വകുപ്പിൽ, "ആയിരം രൂപയോളം" എന്ന വാക്കുകൾക്ക് പകരം "പതിനായിരം രൂപയോളം" എന്ന വാക്കുകളും "അമ്പതു രൂപയിൽ" എന്ന വാക്കുകൾക്ക് പകരം "ഇരുന്നൂറ് രൂപയിൽ" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

22. <u>256-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 256-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൽ "അഞ്ഞൂറു രൂപയിലോ" എന്ന വാക്കുകൾക്ക് പകരം "പതിനായിരം രൂപയിലോ" എന്ന വാക്കുകളും "അൻപതു രൂപയിലോ" എന്ന വാക്കുകൾക്ക് പകരം "ഇരുന്നൂറ് രൂപയിലോ" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

23. <u>276 -ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 276-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ '235 ഐ' എന്ന അക്കത്തിനും അക്ഷരത്തിനും മുമ്പായി "219 എസി, 219 ബി, 219 ഐ, 219 കെ, 219 എൻ" എന്ന അക്കങ്ങളും അക്ഷരങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപവകുപ്പിൽ '235 ഐ' എന്ന അക്കത്തിനും അക്ഷരത്തിനും മുമ്പായി "219 എസി, 219 ബി, 219 ഐ, 219 കെ, 219 എൻ" എന്ന അക്കങ്ങളും അക്ഷരങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

24. ആറാം പട്ടികയ്ക്കുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ ആറാം പട്ടികയിൽ, (1)-ാം കോളത്തിലെ 209 സി എന്ന ഉൾക്കുറിപ്പുകൾക്ക് ശേഷം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം (1), (3), (4) കോളങ്ങളിൽ ചേർക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| "219 ഐ | - | കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം | പതിനായിരം രൂപ |
| 219 എം | - | മാലിന്യവും മറ്റും നീക്കംചെയ്യുന്നതിന് മൂടിയില്ലാത്ത ഏതെങ്കിലും വണ്ടി ഉപയോഗിക്കുന്നത് | അയ്യായിരം രൂപ |
| 219 എൻ | - | പൊതുസ്ഥലങ്ങളിലോ സ്വകാര്യ സ്ഥലങ്ങളിലോ മാലിന്യം വലിച്ചെറിയുന്നത് | പതിനായിരം രൂപ." . |

25. റദ്ദാക്കലും ഒഴിവാക്കലും.—2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2023-ലെ 4) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2016-ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നതിന് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട തങ്ങളുടെ കടമകളെക്കുറിച്ചുള്ള പൗരന്മാരുടെ ധാരണയാണ് പ്രധാനമെന്ന് ഇത് സംബന്ധിച്ച് വിവിധ കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. 2024 മാർച്ച് മാസത്തോടെ സംസ്ഥാനം മുഴുവൻ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള "മാലിന്യമുക്തം നവകേരളം ക്യാമ്പെയിൻ" -ന്റെ പശ്ചാത്തലത്തിൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ

മാലിന്യസംസ്കരണം സംബന്ധിച്ച വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അവ ലംഘിക്കുന്നവർക്കുള്ള ശിക്ഷാ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടും പ്രസ്തുത ആക്റ്റിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

ഈ വിഷയം സംബന്ധിച്ച് സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 175-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയിരുന്നുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിഞ്ഞില്ല.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2023-ലെ 4) 2023 ഡിസംബർ 7-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2023 ഡിസംബർ 9-ാം തീയതിയിലെ 4008-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2023-ലെ 4-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 5-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 219 എ വകുപ്പ് (9)- ാം ഉപവകുപ്പ് മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ള ഭൂമി ഒരു വിജ്ഞാപനം വഴി, ഏറ്റെടുക്കുന്നത് സംബന്ധിച്ച് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 6-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന,—

(i) 219 എഎ വകുപ്പ് (1)-ാം ഉപവകുപ്പ് ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും സർക്കാരിനെ അധികാരപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

(ii) 219 എഡി വകുപ്പ് (6)-ാം ഉപവകുപ്പ്, ഏതെങ്കിലും മാലിന്യ ഉൽപാദകനെ അല്ലെങ്കിൽ മാലിന്യ ഉൽപാദകരുടെ ഗണത്തെ, അല്ലെങ്കിൽ ആളൊഴിഞ്ഞതോ ഒഴിഞ്ഞു കിടക്കുന്നതോ ആയ കെട്ടിടങ്ങളുടെ ഉടമകളെ അല്ലെങ്കിൽ കൈവശക്കാരെ യൂസർ ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നതിലേക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 7-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 219 ബി വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പ് ജൈവമാലിന്യങ്ങൾ, അജൈവമാലിന്യങ്ങൾ, അപകടകരമായ ഗാർഹിക മാലിന്യങ്ങൾ സംഭരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ചട്ടങ്ങളോ ബൈലോകളോ പ്രകാരം നിർണ്ണയിക്കുവാനും

(ii) (3)-ാം ഉപവകുപ്പ് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമായി മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ചട്ടങ്ങളോ ബൈലോകളോ പ്രകാരം നിഷ്കർഷിക്കുവാനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 11-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന,—

(i) 219 എഫ്എ വകുപ്പ് സംയുക്ത മാലിന്യസംസ്കരണ പദ്ധതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും

(ii) 219 എഫ് സി വകുപ്പ് (2)-ാം ഉപവകുപ്പ് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങളും ലംഘനങ്ങളും സംബന്ധിച്ച് റിപ്പോർട്ട് നൽകുന്ന ആളുകൾക്ക് പാരിതോഷികങ്ങൾ നൽകുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(iii) 219 എഫ്ഡി വകുപ്പ് (1)-ാം ഉപവകുപ്പ് കേന്ദ്രീകൃത മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ അല്ലെങ്കിൽ നിർമ്മാർജ്ജന സ്ഥലങ്ങൾ എന്നിവയുടെ സമീപത്തുള്ള

താമസക്കാർക്ക് പ്രയോജനകരമായ വ്യവസ്ഥകൾ സംബന്ധിച്ച് ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ ഉണ്ടാക്കുന്നതിനും പുറപ്പെടുവിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 14-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 219 എൻ വകുപ്പ് (2)-ാം ഉപവകുപ്പ് സ്വകാര്യ സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനാവശ്യമായ വ്യവസ്ഥകൾ ചട്ടങ്ങളാൽ നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 18-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 219 എക്സ് വകുപ്പ് (1)-ാം ഉപവകുപ്പ് മാലിന്യസംസ്കരണ ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ ഉണ്ടാക്കുന്നതിനോ പുറപ്പെടുവിക്കുന്നതിനോ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 19-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 219 എക്സ് വകുപ്പ് (2)-ാം ഉപവകുപ്പ് മാലിന്യങ്ങൾ തള്ളുമ്പോൾ പിഴ നിശ്ചയിക്കുന്ന സംഗതികളിൽ മാലിന്യത്തിന്റെയും സ്ഥാപനത്തിന്റെയും തരം,വലുപ്പം മുതലായവ കൂടി പരിഗണിക്കുന്നതിന്റെ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ ഉണ്ടാക്കുന്നതിനോ പുറപ്പെടുവിക്കുന്നതിനോ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എം. ബി. രാജേഷ്.

## ഖണ്ഡങ്ങളിൻമേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ചില സംഗതികളിൽ പഞ്ചായത്തിന് നിർദ്ദേശം നൽകുവാൻ സർക്കാരിന് അധികാരം നൽകുന്ന പ്രധാന ആക്റ്റിലെ 189-ാം വകുപ്പിൽ മാലിന്യ സംസ്കരണം എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.— അദ്ധ്യായം XX-ന്റെ ശീർഷകത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—ലൈസൻസില്ലാത്ത സ്ഥലങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുമ്പോൾ മാലിന്യസംസ്കരണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രധാന ആക്റ്റിലെ 219-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—ചവറും ഖരാവസ്ഥയിലുള്ള വർജ്ജ്യ വസ്തുക്കളും മാലിന്യവും നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഏർപ്പാട് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 219 എ വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—സർക്കാർ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ചും, മാലിന്യസംസ്കരണത്തിൽ സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ, വേർതിരിച്ച മാലിന്യം ഗ്രാമപഞ്ചായത്തിനോ അംഗീകൃത ഏജൻസിക്കോ കൈമാറുന്നതിനുള്ള ഉത്തരവാദിത്വം, യൂസർഫീസുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പ്രധാന ആക്റ്റിലെ 219 എ വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നിക്ഷേപിക്കുന്നതിനും മാലിന്യ ഉൽപാദകർക്കുള്ള ചുമതലകൾ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 ബി വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി മാലിന്യ ഉൽപാദകനുമായോ അല്ലെങ്കിൽ ഏതെങ്കിലും പരിസരങ്ങളുടെ ഉടമസ്ഥനുമായോ താമസക്കാരനുമായോ ഉള്ള കരാറുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 സി വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—വാതിൽപ്പടി മാലിന്യ ശേഖരണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 ഡി വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—മാലിന്യസംസ്കരണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 എഫ് വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—സംയുക്ത മാലിന്യസംസ്കരണ പദ്ധതികൾ സ്ഥാപിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 എഫ് വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—കടകളുടെയും വാണിജ്യസ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 ഐ വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—പൊതുസ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഉപയോഗിച്ച വെള്ളം ഒഴുക്കുന്നത് തടയുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 കെ വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—പൊതുസ്ഥലങ്ങളിലേക്കോ സ്വകാര്യ സ്ഥലങ്ങളിലേക്കോ മാലിന്യം വലിച്ചെറിയുന്നതിനുള്ള നിരോധനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 എൻ വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനുള്ള നിരോധനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 എസ് വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—ചവറോ ഖരമാലിന്യമോ വലിച്ചെറിയുന്നതിനോ നിക്ഷേപിക്കുന്നതിനോ ഉള്ള ശിക്ഷ സംബന്ധിച്ച് പ്രധാന ആക്റ്റിലെ 219 റ്റി വകുപ്പിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കുന്നതും കണ്ടുകെട്ടലും സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 യു വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—മാലിന്യസംസ്കരണ ഫണ്ട് രൂപീകരണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 എക്സ് വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—പിഴ ചുമത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 219 എക്സ് വകുപ്പിന് ശേഷം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—ചട്ടങ്ങൾ വഴി ഉണ്ടാക്കാവുന്ന വിഷയങ്ങൾ സംബന്ധിച്ച് പ്രധാന ആക്റ്റിലെ 254-ാം വകുപ്പിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—ചട്ടങ്ങളുടെ ലംഘനത്തിന് നൽകുന്ന പിഴശിക്ഷ സംബന്ധിച്ച് പ്രധാന ആക്റ്റിലെ 255-ാം വകുപ്പിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—ബൈലോകൾ ലംഘിച്ചാലുള്ള പിഴശിക്ഷ സംബന്ധിച്ച് പ്രധാന ആക്റ്റിലെ 256-ാം വകുപ്പിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—അപ്പീലും റിവിഷനുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 276-ാം വകുപ്പിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ ആറാം പട്ടികയിൽ ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—റദ്ദാക്കലും ഒഴിവാക്കലും സംബന്ധിച്ച് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

# 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
# (1994-ലെ 13)

[4][189. മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അന്വേഷണം നടത്തുന്നതിനും സർക്കാരിനുള്ള പൊതു അധികാരം.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ധനകാര്യം, കണക്കുകൾ സൂക്ഷിക്കൽ, ആഫീസ് മാനേജ്മെന്റ്, പദ്ധതികളുടെ രൂപീകരണം, സ്ഥലങ്ങളുടെയും ഗുണഭോക്താക്കളുടെയും തെരഞ്ഞെടുപ്പ്, ഗ്രാമസഭകളുടെ ശരിയായ പ്രവർത്തനം, ക്ഷേമപരിപാടികൾ, പരിസ്ഥിതി നിയന്ത്രണം എന്നീ സംഗതികളിൽ ദേശീയ-സംസ്ഥാന നയങ്ങൾക്കനുസൃതമായി, പഞ്ചായത്തിന് പൊതു മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും അപ്രകാരമുള്ള നിർദ്ദേശങ്ങൾ പഞ്ചായത്തുകൾ പാലിക്കേണ്ടതുമാണ്.

** ** **

അദ്ധ്യായം XX

## പൊതുരക്ഷയും സൗകര്യവും ആരോഗ്യവും

** ** **

219. തീർത്ഥാടന സ്ഥലങ്ങൾ മുതലായവയുടെമേൽ നിയന്ത്രണമുള്ളവരിൽ നിന്നുള്ള അംശദായങ്ങൾ.—ഒരു മുസ്ലീം പള്ളിയോ ക്ഷേത്രമോ ക്രിസ്ത്യൻ പള്ളിയോ മഠമോ മതപരമായ ആരാധനയ്ക്കോ ബോധത്തിനോ ഉള്ള ഏതെങ്കിലും സ്ഥലമോ മേളകളോ ഉത്സവങ്ങളോ നടത്തുന്നതിനോ, അതുപോലെയുള്ള മറ്റു കാര്യങ്ങൾക്കോ ഉപയോഗപ്പെടുത്തുന്ന ഏതെങ്കിലും സ്ഥലമോ ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അതിന്റെ പരിസരങ്ങളിലോ സ്ഥിതിചെയ്യുകയും, വർഷം മുഴുവനുമോ പ്രത്യേക സന്ദർഭങ്ങളിലോ വലിയ ജനക്കൂട്ടത്തെ അത് ആകർഷിക്കുകയും ചെയ്യുന്നപക്ഷം, പൊതുജനാരോഗ്യത്തിനോ പൊതുരക്ഷയ്ക്കോ പൊതു മലമൂത്ര വിസർജ്ജന സൗകര്യത്തിനോ ആവശ്യമായ സ്ഥിരമോ താൽക്കാലികമോ ആയ ഏതെങ്കിലും പ്രത്യേക ഏർപ്പാടുകൾ ഗ്രാമപഞ്ചായത്ത് ചെയ്യേണ്ടതും, ആ പ്രദേശത്തിന്മേൽ നിയന്ത്രണമുള്ള ട്രസ്റ്റിയോടോ മറ്റേതെങ്കിലും ആളോടോ ആലോചിച്ചതിനുശേഷം ഗ്രാമപഞ്ചായത്തിന് പ്രസ്തുത സംഗതിയുടെ സാഹചര്യങ്ങളിൽ ന്യായയുക്തമാംവിധം ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിലേക്ക് ആവർത്തകമോ അനാവർത്തകമോ ആയ അംശദായം ചെയ്യുന്നതിന് അയാളോട് ആവശ്യപ്പെടാവുന്നതും, അപ്രകാരം അംശദായം നൽകുന്നതിനും അയാൾ ബാധ്യസ്ഥനായിരിക്കുന്നതും ആകുന്നു. നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ അങ്ങനെയുള്ള അംശദായം നൽകുന്നതിൽ അയാൾ വീഴ്ച വരുത്തുന്നതായാൽ ആ തുക പൊതു ഭൂനികുതി കുടിശ്ശികയായിരുന്നാലെന്നപോലെ ഈടാക്കാവുന്നതാണ്.

[219 എ. ചവറും ഖരാവസ്ഥയിലുള്ള വർജ്ജ്യ വസ്തുക്കളും മാലിന്യവും നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഏർപ്പാട് ചെയ്യണമെന്ന്.—

(1) ഓരോ ഗ്രാമപഞ്ചായത്തും,—

(എ) പതിവായി തെരുവുകൾ ഉത്തുവാരുന്നതിനും വൃത്തിയാക്കുന്നതിനും, അവിടെനിന്നും ചവർ നീക്കം ചെയ്യുന്നതിനും;

(ബി) സ്വകാര്യപരിസരങ്ങളിൽ നിന്നും മാലിന്യങ്ങളും മൃഗശവങ്ങളും ദിവസേന നീക്കം ചെയ്യുന്നതിനും;

(സി) പോലീസിന്റെ അറിവോടുകൂടി അനാഥപ്രേതങ്ങൾ നീക്കം ചെയ്ത് സംസ്കരിക്കുന്നതിനും;

(ഡി) ഖരാവസ്ഥയിലുള്ള വർജ്ജ്യവസ്തുക്കൾ നീക്കം ചെയ്യുന്നതിനും;

(ഇ) കുപ്പത്തൊട്ടിയിലും സ്വകാര്യ പരിസരങ്ങളിലും നിന്ന് ചവറ് ദിവസേന നീക്കം ചെയ്യുന്നതിനും മതിയായ ഏർപ്പാടുകൾ ചെയ്യേണ്ടതും ഈ ഉദ്ദേശത്തോടുകൂടി അത്–

(i) മാലിന്യവും ചവറും മൃഗശവങ്ങളും ഇടുന്നതിന് ഡിപ്പോകളും സംഭരണികളും സ്ഥലങ്ങളും;

(ii) മാലിന്യം നീക്കം ചെയ്യുന്നതിന് വേണ്ടിയുള്ള മൂടിയ വാഹനങ്ങളും പാത്രങ്ങളും;

(iii) ചത്തുപോയ വലിയ മൃഗങ്ങളേയും ചവറും നീക്കം ചെയ്യുന്നതിനുവേണ്ടി വാഹനങ്ങളും അല്ലെങ്കിൽ പറ്റിയ മറ്റു മാർഗ്ഗങ്ങളും;

(iv) ഗാർഹിക ചവർ, പൊടി, ചാരം, എച്ചിലുകൾ അസഹ്യത ഉണ്ടാക്കുന്ന വസ്തുക്കൾ, വ്യാവസായിക അവശിഷ്ടങ്ങൾ, സ്ഥാപനങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ, മൃഗശവങ്ങൾ എന്നിവ താൽക്കാലികമായി ഇടുന്നതിനുള്ള ചവറ്റുകുട്ടകളും സംഭരണികളും സ്ഥലങ്ങളും, ഏർപ്പെടുത്തി വയ്ക്കേണ്ടതുമാകുന്നു.

(2) സെക്രട്ടറി, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഡിപ്പോകളും സ്ഥലങ്ങളും സംഭരണികളും കുപ്പത്തൊട്ടികളും വാഹനങ്ങളും പാത്രങ്ങളും ശല്യകാരണങ്ങളായി ഭവിക്കുന്നത് തടയുന്നതിന്, മതിയായ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

(3) ഗ്രാമപഞ്ചായത്തിന് കരാർ അടിസ്ഥാനത്തിൽ പൊതുസ്ഥലത്തുനിന്നോ സ്വകാര്യ പരിസരങ്ങളിൽനിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതും കയ്യൊഴിയുന്നതും ഭാഗികമായോ മുഴുവനായോ ഏർപ്പാട് ചെയ്യാവുന്നതാണ്.

[1][(4) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പൊതുതാൽപര്യാർത്ഥം, അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം, ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റു വസ്തുക്കളും രണ്ടോ അതിലധികമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേരിട്ടോ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ ശേഖരിക്കുകയും കൊണ്ടുപോവുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് കരാർ അടിസ്ഥാനത്തിലോ മറ്റു വിധത്തിലോ ക്രമീകരണങ്ങൾ ചെയ്യാവുന്നതും അല്ലെങ്കിൽ ഖരമാലിന്യങ്ങളും ചവറും മാലിന്യങ്ങളും അപ്രകാരമുള്ള മറ്റു വസ്തുക്കളും ശേഖരിക്കുകയും കൊണ്ടുപോവുകയും കൈയൊഴിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് ഗണ്യമായ ചെലവ് വരുന്ന ഏതെങ്കിലും പദ്ധതി ഏറ്റെടുക്കുകയും ചെയ്യാവുന്നതാണ്]

219 ബി. ചവറും ഖരമാലിന്യങ്ങളും ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യം.—(1) എല്ലാ പരിസരങ്ങളുടെയും ഉടമസ്ഥർ, സെക്രട്ടറി നിർദ്ദേശിക്കുന്ന വലിപ്പത്തിലുള്ള ഒരു സംഭരണി, അങ്ങനെയുള്ള സ്ഥലങ്ങളിൽ നിന്നും ഉണ്ടാകുന്ന ഗാർഹിക ചവറുകളും വ്യവസായിക അവശിഷ്ടങ്ങളും സ്ഥാപനങ്ങളിൽ നിന്നുള്ള ചവറുകളും, പൊടി, ചാരം, എച്ചിൽ, ജീർണ്ണാവശിഷ്ടം മുതലായവയും ശേഖരിക്കുന്നതിനായി, ഏർപ്പാടാക്കുവാൻ ബാധ്യസ്ഥരാണ്.

(2) അങ്ങനെയുള്ള സംഭരണികൾ എല്ലാ സമയത്തും ശരിയായ നിലയിൽ വയ്ക്കേണ്ടതും, സെക്രട്ടറി അതതു സമയം രേഖാമൂലമുള്ള നോട്ടീസിനാൽ നിർദ്ദേശിക്കുന്നത്രയും എണ്ണം അങ്ങനെയുള്ള സ്ഥലത്ത് ഏർപ്പാടാക്കേണ്ടതുമാണ്.

(3) ഗ്രാമപഞ്ചായത്ത് നിയോഗിക്കുന്ന ജീവനക്കാർക്കും കരാറുകാർക്കും വർജ്യവസ്തുക്കൾ ശേഖരിക്കുന്നതിനും കയ്യൊഴിക്കുന്നതിനും സഹായകമായവിധം ആ വസ്തുക്കൾ വേർതിരിച്ച് വയ്ക്കുന്നതിലേക്ക് പൊതു നോട്ടീസ് മുഖാന്തരം ഏതൊരു വസ്തുവിന്റെ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

(4) എല്ലാ പരിസരങ്ങളുടെയും ഉടമസ്ഥരും താമസക്കാരും എല്ലാ ഗാർഹിക ചവറുകളും, വ്യാവസായിക അവശിഷ്ടങ്ങളും, സ്ഥാപനങ്ങളിൽ നിന്നുള്ള ചാവറകളും, പൊടി, ചാരം, എച്ചിലുകൾ, ചവറുകൾ എന്നിവ അവരവരുടെ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കേണ്ടതും അവ സെക്രട്ടറി അതത് സമയം പൊതുനോട്ടീസിനാൽ നിർദ്ദേശിക്കുന്ന സമയത്ത് പൊതുസംഭരണികളിലോ, ഡിപ്പോയിലോ അഥവാ ചവറുകൾ താൽക്കാലികമായി നിക്ഷേപിക്കുന്നതിന് ഏർപ്പാടാക്കിയിട്ടുള്ള സ്ഥലത്തോ നിക്ഷേപിക്കുകയോ അഥവാ ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിനായി ഏർപ്പെടുത്തിയിട്ടുള്ളതോ തിരിച്ചറിഞ്ഞിട്ടുള്ളതോ ആയ ആളുകൾക്ക് കൈമാറുകയോ ചെയ്യുവാൻ ബാധ്യസ്ഥരാണ്.

219 സി. ചവറോ മാലിന്യങ്ങളോ നീക്കം ചെയ്യുന്നതിന് ഉടമസ്ഥനമായോ താമസക്കാരനമായോ ഉള്ള കരാർ.—സെക്രട്ടറിക്ക് ഏതെങ്കിലും പരിസരങ്ങളുടെ ഉടമസ്ഥനമായോ താമസക്കാരനമായോ അദ്ദേഹത്തിന് യുക്തം എന്ന് തോന്നുന്ന നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും അതത് സമയം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്ന അങ്ങനെയുള്ള നിരക്കിലുള്ള ഫീസ് അടച്ച് ആ പരിസരങ്ങളിൽ നിന്നുമുള്ള ചവറോ മാലിന്യമോ നീക്കം ചെയ്യുന്നതിന് കരാറിലേർപ്പെടാവുന്നതാണ്.

219 ഡി. വീടുവീടാന്തരമുള്ള ചവറുശേഖരണം ഏർപ്പെടുത്തൽ.—(1) സെക്രട്ടറിക്ക്, ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ ഗ്രാമപഞ്ചായത്ത് പ്രദേശത്തോ അതിന്റെ ഭാഗത്തോ വീടുവീടാന്തരമുള്ള ചവറിന്റേയോ അസഹ്യതയുണ്ടാക്കുന്ന മറ്റു വസ്തുക്കളുടെയോ ശേഖരണം ഏർപ്പെടുത്താവുന്നതും അതിലേക്കായി അദ്ദേഹത്തിന്, അതത് സമയം, ഉത്തരവുമൂലം, ഏതെല്ലാം മണിക്കൂറുകൾക്കിടയിൽ ഒരു വീടിന്റെയോ പരിസരങ്ങളുടെയോ ഭൂമിയുടെയോ കൈവശക്കാരൻ അയാളുടെ വീടിന്റെയോ പരിസരങ്ങളുടെയോ ഭൂമിയുടെയോ അല്ലെങ്കിൽ അയാളുടെ വീടുമായോ, പരിസരവുമായോ, ഭൂമിയുമായോ ചേർന്ന പൊതുതെരുവിലോ സെക്രട്ടറി പ്രത്യേകം പറയുന്ന പ്രകാരം ചവറോ അസഹ്യത യുണ്ടാക്കുന്ന വസ്തുക്കളോ ഈ ആവശ്യത്തിന് ഗ്രാമപഞ്ചായത്ത് നൽകുന്ന ശരിയായ സംഭരണിയിലോ സെക്രട്ടറി പ്രത്യേകം പറഞ്ഞിട്ടുള്ള വലിപ്പത്തിലും മാതൃകയിലുമുള്ള സംഭരണിയിലോ അങ്ങനെയുള്ള ചവറുകളോ അസഹ്യതയുണ്ടാക്കുന്ന വസ്തുക്കളോ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരോ ഈ ആവശ്യത്തിലേക്കുവേണ്ടി ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള കരാറുകാരോ നീക്കം ചെയ്യുന്നതിലേക്ക് വേണ്ടി, കൊണ്ടുവയ്ക്കേണ്ട താണെന്ന് പരസ്യം ചെയ്യാവുന്നതുമാകുന്നു.

(2) സെക്രട്ടറി പ്രത്യേകം പറഞ്ഞിട്ടുള്ള സമയത്ത് അല്ലാതെയും (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ളതോ നിർദ്ദേശിച്ചിട്ടുള്ളതോ ആയ സംഭരണിയിലല്ലാതെയും ഒരു പൊതുനിരത്തിൽ യാതൊരാളും ചവറുകളോ അസഹ്യതയുണ്ടാക്കുന്ന വസ്തുക്കളോ നിക്ഷേപിക്കാൻ പാടില്ലാത്തതാകുന്നു.

** ** **

219 എഫ്. ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയൊഴിയുന്നതിനുള്ള വ്യവസ്ഥകൾ.—(1) മാലിന്യങ്ങൾ ആത്യന്തികമായി കൈയൊഴിയ്ക്കുന്ന ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ ഉള്ളിലോ വെളിയിലോ ആയി ഓരോ ഗ്രാമപഞ്ചായത്തും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും വിജ്ഞാപനം ചെയ്യുകയും ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥലം വിജ്ഞാപനം ചെയ്യുമ്പോൾ ആരോഗ്യസംബന്ധവും പരിസ്ഥിതിപരവുമായ വശങ്ങൾ ഗ്രാമപഞ്ചായത്ത് പരിഗണനയിൽ എടുക്കേണ്ടതാണ്.

(3) കൂട്ടുവളം തയ്യാറാക്കുന്നതിന് ഖരമാലിന്യങ്ങൾ വിനിയോഗിക്കുന്നതിനും അത് വില്പനമൂലം കൈയൊഴിക്കുന്നതിനും പര്യാപ്തമായ ഏർപ്പാടുകൾ ഓരോ ഗ്രാമപഞ്ചായത്തിനും ചെയ്യാവുന്നതാണ്.

(4) മാലിന്യങ്ങൾ കൂട്ടുവളമാക്കുന്നത് സാധ്യമല്ലാ എന്നോ പ്രായോഗികമല്ലാ എന്നോ കാണുന്നിടത്ത്, ഗ്രാമപഞ്ചായത്ത് പ്രത്യേകം പറയുന്ന രീതിയിൽ ലാന്റ്ഫിൽ സൈറ്റുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ആരോഗ്യകരമായ ലാന്റ്ഫിൽ സമ്പ്രദായം സ്വീകരിക്കാവുന്നതാണ്.

(5) കാലാകാലങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രത്യേകം പറയുന്ന ആശുപത്രികളിലും നഴ്സിംഗ് ഹോമുകളിലും ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളിലും നിന്ന് പുറത്തുവിടുന്ന അണുരോഗബാധയ്ക്ക് കാരണമായ മാലിന്യങ്ങളും വ്യവസായങ്ങളിൽ നിന്നുള്ളതല്ലാത്ത ആപത്കരമായ മാലിന്യങ്ങളും, ഗ്രാമപഞ്ചായത്ത് ഭസ്മീകരണത്തിന് വിധേയമാക്കേണ്ടതാണ്.

** ** **

219 ഐ. <u>മൃഗശവങ്ങളും ചവറും മാലിന്യവും യുക്തമല്ലാത്ത രീതിയിൽ കൈയൊഴിക്കുന്നതിനുള്ള നിരോധനം</u>.—(1) ചവറും ഖരമാലിന്യങ്ങളും മൃഗശവങ്ങളും മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനും നീക്കം ചെയ്യുന്നതിനും 219 എ വകുപ്പ് പ്രകാരം യഥാവിധിയായ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്ത് ചെയ്തതിനുശേഷം.—

(എ) ഏതെങ്കിലും തെരുവിലോ ഏതെങ്കിലും കെട്ടിടത്തിന്റെ വരാന്തയിലോ ഏതെങ്കിലും തെരുവിനോട് ചേർന്ന ഒഴിഞ്ഞ സ്ഥലത്തോ ഏതെങ്കിലും പൊതുകടവിലോ ജെട്ടിയിലോ ഇറക്ക് സ്ഥലത്തോ അല്ലെങ്കിൽ ഒരു ജല മാർഗ്ഗത്തിന്റെയോ കുളത്തിന്റെയോ കരയിലോ; അഥവാ

(ബി) അത് നീക്കം ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ലാത്ത ഏതെങ്കിലും ചവറുവീപ്പയിലോ എതെങ്കിലും വാഹനത്തിലോ; അഥവാ

(സി) ദുർഗന്ധം ശമിപ്പിക്കുന്നതിനോ പകർച്ച തടയുന്നതിനോ ഒഴികെ അങ്ങനെയുള്ള നീക്കം ചെയ്യലിന് ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വാഹനത്തിലോ യാനപാത്രത്തിലോ

യാതൊരാളും അവ നിക്ഷേപിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, യാതൊരാളും ഗ്രാമപഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ ഏതെങ്കിലും തെരുവിലോ പൊതുവായതോ സ്വകാര്യമായതോ ആയ ഭൂമിയിലോ എന്തെങ്കിലും കെട്ടിട ചവറുകൾ നിക്ഷേപിക്കുകയോ നിക്ഷേപിക്കാനിടയാക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

എന്നാൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് നൽകാതെ യാതൊരു അനുവാദവും നൽകാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, സെക്രട്ടറിക്ക് എഴുതി രേഖപ്പെടുത്തേണ്ടതായ കാരണങ്ങളാൽ, അങ്ങനെയുള്ള അനുവാദം നിഷേധിക്കാവുന്നതാണ്.

** ** **

219 കെ. മാലിന്യം ബഹിർഗമിക്കാനനുവദിക്കുന്നതിനെതിരെയുള്ള നിരോധനം.—ഏതെങ്കിലും പരിസരത്തിന്റെ ഏതെങ്കിലും ഉടമസ്ഥനോ കൈവശക്കാരനോ, അങ്ങനെയുള്ള പരിസരങ്ങളിൽ നിന്ന് ഏതെങ്കിലും തൊട്ടിയിലോ ഓടയിലോ കക്കൂസിലോ തൊഴുത്തിലോ നിന്നുള്ള വെള്ളമോ മറ്റേതെങ്കിലും മാലിന്യമോ ഒരു അഴുക്ക് ചാലിലോ അഴുക്ക്തൊട്ടിയിലോ ഒഴികെ ഒരു തെരുവിന്റെ ഏതെങ്കിലും ഭാഗത്തേക്ക് ഒഴുക്കുവാനോ അഥവാ ഒരു തെരുവിന്റെ ഭാഗമായ ഒരു അഴുക്ക് ചാലിന്റെ വശത്തുള്ള ഭിത്തിയോ തറയോ പ്രസ്തുത ജലമോ മാലിന്യമോ കാരണം കുതിർന്ന് ഒഴിവാക്കാമായിരുന്ന ശല്യം ഉണ്ടാകത്തക്കവിധത്തിൽ ആ ജലമോ മാലിന്യമോ ആ പരിസരത്തിൽ നിന്നും പുറത്തേക്ക് ഒഴുക്കുവാനോ പാടുള്ളതല്ല.

** ** **

219 എൻ. ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം.—ചവറോ മാലിന്യമോ അവശിഷ്ടങ്ങളോ ഇടുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെടാത്ത യാതൊരു പൊതുസ്ഥലത്തും യാതൊരാളും ഏതെങ്കിലും ചവറോ മാലിന്യമോ മറ്റ് അവശിഷ്ടങ്ങളോ ഇടാനോ ഇടുവിക്കാനോ പാടില്ലാത്തതാകുന്നു.

** ** **

[1][219 എസ്. ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയുള്ള നിരോധനം.—(1) 218-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ഒരു പൊതുജലമാർഗ്ഗത്തിലോ ജലാശയത്തിലോ അപ്രകാരമുള്ള ഏതെങ്കിലും ജലസ്രോതസ്സിലോ യാതൊരാളും ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ നിക്ഷേപിക്കുകയോ അതിലേക്ക് മലിനജലം ഒഴുക്കുകയോ, മറ്റേതെങ്കിലും വിധത്തിൽ ജലം ദൂഷിപ്പിക്കുകയോ, അത്തരം ഒരു പ്രവർത്തി ചെയ്യുന്നതിന് ആരെയെങ്കിലും നിയമിക്കുകയോ, നിയോഗിക്കുകയോ, നിർബന്ധിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഒരു കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയും ഉള്ള പിഴയും ആറുമാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയും ഉള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

219 റ്റി. <u>ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും ചവറോ ഖരമാലിന്യമോ വലിച്ചെറിയുന്നതിനോ നിക്ഷേപിക്കുന്നതിനോ ഉള്ള ശിക്ഷ</u>.—യാതൊരാളും, ഏതെങ്കിലും ചവറോ ഖരമാലിന്യങ്ങളോ മൃഗശവങ്ങളോ ഈ അധ്യായത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിക്ഷേപിക്കുകയോ വലിച്ചെറിയുകയോ ചെയ്യുന്നതായാൽ അയാൾ, 219 എസ് വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ, കുറ്റസ്ഥാപനത്തിന്മേൽ അഞ്ഞൂറ് രൂപയിൽ കുറയാത്തതും രണ്ടായിരം രൂപ വരെയാകാവുന്നതുമായ പിഴശിക്ഷയ്ക്ക് വിധിക്കപ്പെടുന്നതാണ്.

219 യു. <u>മാലിന്യമോ വിസർജ്യവസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കലും കണ്ടുകെട്ടലും</u>.—(1) 219 എസ് വകുപ്പ് പ്രകാരമുള്ള ഒരു കുറ്റകൃത്യം ചെയ്യുന്നതിനുള്ള ഉദ്ദേശത്തോടെയോ ഒരുക്കത്തോടെയോ മാലിന്യമോ വിസർജ്യവസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തിക്കൊണ്ടുപോകുന്നതോ, അഥവാ അപ്രകാരം നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചതിനുശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള ഒരു വാഹനത്തെ, പഞ്ചായത്ത് സെക്രട്ടറിക്കോ ഈ ആവശ്യത്തിലേക്കായി സെക്രട്ടറി അധികാരപ്പെടുത്തിയ പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കേണ്ടതും നിർണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചശേഷം, അധികാരിതയുള്ള സബ്ഡിവിഷണൽ മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കേണ്ടതുമാകുന്നു.

(ഃ2) അപ്രകാരം പിടിച്ചെടുക്കപ്പെട്ട ഒരു വാഹനം, നിർണയിക്കപ്പെട്ട പ്രകാരം അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചശേഷം അതത് സംഗതി പോലെ വിട്ടുകൊടുക്കാവുന്നതോ കണ്ടുകെട്ടാവുന്നതോ ആകുന്നു.

(3) വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുകയും ചെയ്യേണ്ടതാണ്].

** ** **

219 എക്സ്. മാലിന്യനിർമ്മാർജ്ജന ഫണ്ടിന്റെ രൂപീകരണം.—ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉണ്ടാകുന്ന മാലിന്യനിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി, പ്രത്യേകിച്ചും പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി, ഗ്രാമപഞ്ചായത്ത് 'മാലിന്യനിർമ്മാർജ്ജന ഫണ്ട്' എന്ന പേരിൽ ഒരു പ്രത്യേക നിധി സ്വരൂപിക്കേണ്ടതും, നിധിയിൽ,—

(എ) 219 ഡബ്ല്യു വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡപ്രകാരം ഈടാക്കുന്ന അധിക ഫീസ്;

(ബി) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കേസുകളിൽ ഈടാക്കുന്ന പിഴസംഖ്യ;

(സി) ഈ ആവശ്യത്തിലേക്കായി സർക്കാർ അനുവദിക്കുന്നതോ, മറ്റ് ഏജൻസികളോ, ആളോ നൽകുന്നതോ ആയ തുകകൾ:

എന്നിവ വരവ് വയ്ക്കേണ്ടതും ആയത് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്.]

** ** **

## അധ്യായം XXII

## ചട്ടങ്ങളും,ൈ ബൈലാകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും

254. ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനുള്ള അധികാരം.— (1) സർക്കാരിന് ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി, ഗസറ്റ് വിജ്ഞാപനം മുഖേന പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

** ** **

(xxi) സ്വകാര്യ പരിസരങ്ങളിലെ ചവറോ, മാലിന്യമോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽപ്പെട്ട ചവറോ അഴുക്കോ നീക്കം ചെയ്യുന്നത് സംബന്ധിച്ച് പഞ്ചായത്തും ആ വക പരിസരങ്ങളുടെ ഉടമസ്ഥന്മാരും അല്ലെങ്കിൽ കൈവശക്കാരും തമ്മിൽ നടത്തുന്ന കരാറുകൾ ക്രമപ്പെടുത്തുന്നത് സംബന്ധിച്ചും;

** ** **

255. <u>ചട്ടങ്ങളുടെ ലംഘനത്തിനുള്ള ശിക്ഷകൾ</u> .—ഈ ആക്റ്റുപ്രകാരം ഏതെങ്കിലും ചട്ടം ഉണ്ടാക്കുമ്പോൾ, അതിന്റെ ലംഘനത്തിന് ആയിരം രൂപയോളം വരുന്ന പിഴയോ അഥവാ തുടർന്നു കൊണ്ടിരിക്കുന്ന ലംഘനത്തിന്റെ കാര്യത്തിൽ ആദ്യത്തെ ലംഘനത്തിന് കുറ്റസ്ഥാപനം ചെയ്തതിനുശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത പിഴയോ ചുമത്തി ശിക്ഷിക്കാവുന്നതാണെന്ന് സർക്കാരിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

256. <u>ബൈലാകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും</u>.—(1) ഈ ആക്റ്റിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി, പഞ്ചായത്തിന് അത് ഏതു കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ, സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബൈലാകൾ ഉണ്ടാക്കാവുന്നതാണ്.

(2) ബൈലാ ഉണ്ടാക്കുമ്പോൾ, പഞ്ചായത്തിന്, അത് ലംഘിക്കുന്ന ഏതൊരാളും അഞ്ഞൂറ് രൂപയിലോ അല്ലെങ്കിൽ ആദ്യ ലംഘനത്തിന് പിഴ ഈടാക്കിയശേഷം ലംഘനം തുടർന്നുകൊണ്ടിരിക്കുന്ന സംഗതിയിൽ, അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും അൻപതു രൂപയിലോ കവിയാത്തവിധം പഞ്ചായത്തു നിശ്ചയിക്കുന്ന തുക പിഴയായി കൊടുക്കുവാൻ ബാധ്യസ്ഥനായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ് .

** ** **

[1][276 <u>അപ്പീലും റിവിഷനും</u>.—(1) 235 ഐ, 235 ജെ, 235 എൻ, 235 ഡബ്ല്യു, 235 എക്സ് എന്നീ വകുപ്പുകളൊഴികെയുള്ള ഈ ആക്റ്റിൻ കീഴിലെയോ, അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ബൈലാകളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകളനുസരിച്ച് നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് പ്രസിഡന്റോ സെക്രട്ടറിയോ നൽകിയ നോട്ടീസിനോ പാസ്സാക്കിയ ഉത്തരവിനോ എടുത്ത നടപടിക്കോ, എതിരെ പഞ്ചായത്തിൽ അപ്പീൽ നൽകാവുന്നതാണ്:

എന്നാൽ, നികുതി സംബന്ധിച്ച കാര്യങ്ങളെപ്പറ്റിയുള്ള അപ്പീൽ ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഫയൽ ചെയ്യേണ്ടതാണ്.

** ** **

(4) 235 ഐ, 235 ജെ, 235 എൻ, 235 ഡബ്ല്യു, 235 എക്സ് എന്നീ വകുപ്പുകൾ പ്രകാരമുള്ള സെക്രട്ടറിയുടെ ഒരു നോട്ടീസിൻമേലോ ഉത്തരവിൻമേലോ നടപടിയിന്മേലോ ഉള്ള ഒരു അപ്പീൽ 271 എസ് വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി രൂപീകരിച്ച ട്രൈബ്യൂണലിൽ നൽകേണ്ടതും അതിന്, അപ്പീൽ നിലനിൽക്കുമ്പോൾ, അപേക്ഷയിന്മേൽ, ഒരുത്തരവുമൂലം പ്രസ്തുത നോട്ടീസിന്റെയോ ഉത്തരവിന്റെയോ നടപടിയുടെയോ പ്രവർത്തനം നിർത്തിവയ്ക്കാവുന്നതുമാണ്.

## ആറാം പട്ടിക

[257-ാം വകുപ്പ് (1)-ാം ഉപവകുപ്പ് കാണുക ]

**ശിക്ഷകൾ**

| വകുപ്പ് | ഉപവകുപ്പ് അല്ലെങ്കിൽ ഖണ്ഡം | വിഷയം | ചുമത്താവുന്ന പിഴ |
|---|---|---|---|
| (1) | (2) | (3) | (4) |
| [1][205 ബി | | തൊഴിൽ കല മുതലായവ ചെയ്യുന്ന ആളുകളുടെ ലിസ്റ്റ് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിക്കാൻ ഉടമസ്ഥനോ കൈവശക്കാരനോ വീഴ്ച വരുത്തുന്നതിന് | ആയിരം രൂപ |
| ** | | ** | ** |
| 209 സി | (2) | അനുവാദം കൂടാതെ ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് | അഞ്ഞൂറ് രൂപ |
| ** | | ** | ** |